**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 516** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് പ്രദേശത്ത് പുതിയ 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 22.06.2020-ൽ കെ എസ് ഇ ബി എൽ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി സർക്കാർ ഉത്തരവ് നൽകിയിരുന്നുവെങ്കിലും സ്ഥലമുടമ സ്ഥലം കൈമാറുന്നതിന് വിസമ്മതം അറിയിച്ചതിനെ തുടർന്ന് ഭൂമി കൈമാറ്റം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

തുടർന്ന്, പിണ്ണാക്കനാട് 33kV സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ശ്രീ. ഐസക് നിരപ്പേൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 21 സെന്റ് ഭൂമി കണ്ടെത്തുകയും, ഈ സ്ഥലം എറ്റെടുക്കുന്നതിനായി, 25.09.2023-ലെ G.O (Rt) No.168/2023/POWER പ്രകാരം സർക്കാർ ഭരണാനുമതി നല്കുകയും, തുടർന്ന് 04.10.2023-ലെ G.O.(Rt)No.3525/2023/RD പ്രകാരം റവന്യു വകുപ്പ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് 2,12,500/- രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 27.06.2024-ന് അടച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് ഓരോ കേസും പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുന്നതാണെന്ന 01.03.2025-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആയ 12,75,000/- രൂപ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. അപേക്ഷകൾ നൽകുകയും ചെയ്തു.

തുടർന്ന്, 05.12.2025-ലെ സർക്കാർ ഉത്തരവിലൂടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിൽ നിന്നുള്ള ഒഴിവാക്കൽ 01.03.2025 മുതൽ മാത്രം പ്രാബല്യത്തിൽ വരുന്നതാണെന്നും, അതിന് മുൻപ് ആരംഭിച്ച സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഒഴിവാക്കൽ ബാധകമല്ലെന്നും സർക്കാർ വ്യക്തമാക്കിയതനുസരിച്ച്, 25.02.2026-ൽ തീയതിയിൽ കെ.എസ് .ഇ. ബി .എൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടയ്ക്കുകയുണ്ടായി. റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി

കെ.എസ്.ഇ.ബി.എൽ-ന് കൈമാറിയതിനു ശേഷം സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തിക്കായി ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് പ്രദേശത്ത് പുതിയ 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 22.06.2020-ൽ 14.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിലുള്ള കാലതാമസം നിമിത്തം ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ, 15.28 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. തയാറാക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**